ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.10.2025**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം; 1140 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കും.

2) ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന ആശയം ഉയർത്തിപ്പിടിച്ച് ഗുജറാത്തിലെ കെവാഡിയയിൽ നാളെ പ്രൗഢ ഗംഭീരമായ ഏകതാ പരേഡ് സംഘടിപ്പിക്കും

3) പിഎം ശ്രീ പദ്ധതിയിൽനിന്ന് സംസ്ഥാന സർക്കാർ പിന്മാറുന്നത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് തിരിച്ചടിയാകുമെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ.

4) ക്ഷേമവും ഉത്പാദനക്ഷമതയും സമന്വയിപ്പിക്കുന്ന, സമഗ്രവും സുസ്ഥിരവുമായ തൊഴിൽ ഭരണ മാതൃക സൃഷ്ടിക്കാൻ സംസ്ഥാനം സജ്ജമാണെന്ന് മന്ത്രി വി ശിവൻകുട്ടി

5) ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിന് സമാപനം കുറിക്കുന്ന ആറാട്ട് ഇന്ന്; തിരുവനന്തപുരം നഗരത്തിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ

RNUTVPM

**സ്ഥാപനങ്ങൾക്കും ഉച്ച തിരഞ്ഞ് മൂന്നിനു ശേഷം അവധി**

6) **ഐസിസി വനിതാ ലോകകപ്പ് സെമിയിൽ ഇന്ന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും.**

❁❁❁❁❁❁❁❁❁❁❁❁❁

**പിഎം ബിഹാർ**

നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ബിഹാറിൽ. അല്പം മുമ്പ് മുസാഫർപൂരിൽ നടന്ന തിരഞ്ഞെടുപ്പ് റാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ബിഹാറിന്റെ വികസനത്തിന് മുഖ്യ പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് നളന്ദ, ഷേഖ്പുര എന്നിവിടങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. അടുത്ത മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പിഎം ഗുജറാത്ത് സന്ദർശനം**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിൽ എത്തും.

കെവാഡിയയിലെ ഏകതാ നഗറിൽ 1,140 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. വെള്ളിയാഴ്ച നടക്കുന്ന രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി സർദാർ പട്ടേൽ പ്രതിമയിൽ പുഷ്പാർച്ചന നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**ഏകതാ ദിന-ഷാ**

¬ദേശീയ ഏകതാ ദിനത്തോടനുബന്ധിച്ച്, ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന ആശയം ഉയർത്തിപ്പിടിക്കുന്ന പ്രൗഢ ഗംഭീരമായ ഏകതാ പരേഡ് നാളെ ഗുജറാത്തിലെ കെവാഡിയയിൽ നടക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിന് സമാനമായ പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഏകതാ നഗറിൽ ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. കേന്ദ്ര സായുധ അർദ്ധസൈനിക വിഭാഗങ്ങൾക്ക് പുറമേ, കേരളമടക്കമുള്ള സംസ്ഥാനങ്ങളിലെ പോലീസ് സേനകളും രാജ്യത്തുടനീളമുള്ള കലാകാരന്മാരും ചടങ്ങിൽ പങ്കെടുക്കും

❁❁❁❁❁❁❁❁❁❁❁❁❁

**റൺ ഫോർ യൂണിറ്റി**

RNU TVPM

രാഷ്ട്രീയ ഏകതാ ദിനത്തോടനുബന്ധിച്ച് കേരള പോലീസ് നാളെ സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കുന്നു. സർദാർ വല്ലഭായി പട്ടേലിൻറെ ആശയത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കുന്നതിനുള്ള പ്രതിബദ്ധത പൊതുജനങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്.

**പിഎംശ്രീ-ജോർജ്ജ് കുര്യൻ**

RNUTVPM

പിഎം ശ്രീ പദ്ധതിയിൽനിന്ന് സംസ്ഥാന സർക്കാർ പിന്മാറുന്നത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വലിയ തിരിച്ചടിയാകുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. സർക്കാർ സ്കൂളുകളെ തകർക്കാനാണ് പിൻമാറ്റം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിദ്യാർഥികൾ മറ്റ് സംസ്ഥാനങ്ങളിലെ സ്കൂളുകൾ തേടിപ്പോകുന്ന സാഹചര്യം ഉണ്ടാകുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി. 2022-23 കാലയളവിൽ സർക്കാർ സ്കൂളുകളുടെ വികസനത്തിനായി 1,071 കോടി രൂപയാണ് കേന്ദ്രം നൽകിയതെന്നും അദ്ദേഹം പറഞ്ഞു.

**ജോർജ്ജ് കുര്യൻ**

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കാസർഗോഡ് വിവിധ പരിപാടികളിൽ പങ്കെടുക്കും. തളങ്കര, തുറമുഖം അദ്ദേഹം സന്ദർശിക്കും. കാസർകോട് കേന്ദ്ര സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനവുമായി ബന്ധപ്പെട്ട പരിപാടിയിൽ ഇപ്പോൾ കേന്ദ്ര സഹമന്ത്രി പങ്കെടുക്കുകയാണ്. അല്പസമയത്തിനകം അദ്ദേഹം ശിലാസ്ഥാപനം നിർവ്വഹിക്കും. . കണ്ണൂർ കൂടാളി പഴശ്ശിരാജ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ഇന്ന് വൈകുന്നേരം 3 മണിക്ക് ശ്രീ ജോർജ് കുര്യൻ നിർവഹിക്കും

RNU TVPM

**മുഖ്യമന്ത്രി**

ഇന്നലത്തെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ച ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം പാലിച്ചുകൊണ്ട്, എല്ലാ പ്രതിസന്ധികളെയും മറികടന്ന് നവകേരളം കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയവുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നും ജന പിന്തുണയാണ് സർക്കാരിൻ്റെ കരുത്തെന്നും അദ്ദേഹം പറഞ്ഞു.

**ആറാട്ട് (ഇൻട്രോ)**

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിന് സമാപനം കുറിക്കുന്ന ആചാരപരമായ ആറാട്ട് ഇന്ന്. വൈകുന്നേരം 5 മണിക്കാണ് ആറാട്ട് ഘോഷയാത്ര. ആറാട്ട് പ്രമാണിച്ച് നഗരത്തിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ഉച്ച തിരഞ്ഞ് മൂന്നിനുശേഷം അവധി പ്രഖ്യാപിച്ചു. ***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.... ( വോയിസ്.....)***

❁❁❁❁❁❁❁❁❁❁❁❁❁

**ശിവൻകുട്ടി തൊഴിൽ**

ക്ഷേമവും ഉത്പാദനക്ഷമതയും സമന്വയിപ്പിക്കുന്ന, സമഗ്രവും സുസ്ഥിരവുമായ തൊഴിൽ ഭരണ മാതൃക സൃഷ്ടിക്കാൻ സംസ്ഥാനം സജ്ജമാണെന്ന് മന്ത്രി വി ശിവൻകുട്ടി. 'കേരള തൊഴിൽ ദർശനം - വിഷൻ 2031' പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സാങ്കേതിക മുന്നേറ്റങ്ങളും ആഗോളവൽക്കരണവും അവസരങ്ങൾ തുറക്കുമ്പോൾ, മറുവശത്ത് പുതിയ വെല്ലുവിളികളും ഉയരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ധനമന്ത്രി കെ എൻ ബാലഗോപാൽ പരിപാടി ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടത്താനുള്ള കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിൽ തുടർനടപടികൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ സർവകക്ഷിയോഗം വിളിച്ചു. അടുത്ത മാസം അഞ്ചിനാണ് യോഗം.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്ഐആർ ഹെൽപ്പ് ഡെസ്ക്

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി തിരുവനന്തപുരം കളക്ടറേറ്റിൽ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. എസ്.ഐ.ആർ സംബന്ധിച്ച സംശയങ്ങൾക്ക് 82 81 88 91 93 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. രാവിലെ 9 മുതൽ രാത്രി 9 വരെയാണ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ജി.ആർ അനിൽ (ഇൻട്രോ)

നെല്ല് സംഭരണത്തിലെ സംസ്ഥാന സർക്കാറിന്റെ തുടർനടപടികളുമായി സഹകരിക്കാൻ പ്രയാസമുണ്ടെന്ന് മില്ലുടമകൾ അറിയിച്ചതായി ഭക്ഷ്യമന്ത്രി ജി.ആർ അനിൽ. വ്യവസ്ഥകൾ അംഗീകരിക്കാൻ കഴിയില്ലെന്ന മില്ലുടമകളുടെ നിലപാട് ധനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. 100 കിലോ നെല്ല് സംഭരിക്കുമ്പോൾ 66.5 കിലോ അരി നൽകണമെന്ന

സർക്കാരിന്റെ നിർദ്ദേശം അംഗീകരിക്കാനാവില്ലെന്നാണ് മില്ലുടമകളുടെ നിലപാട്.

***ഹോൾഡ് വോയിസ്***

❁❁❁❁❁❁❁❁❁❁❁❁❁

**ശിവൻകുട്ടി**

സംസ്ഥാനത്ത് എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷാ തിയതികൾ പ്രഖ്യാപിച്ചു. എസ്.എസ്.എൽ.സി പരീക്ഷ 2026 മാർച്ച് 5 മുതൽ 30 വരെ നടക്കും. മേയ് 8 നാണ് ഫലപ്രഖ്യാപനം. ഒന്നാം വർഷ ഹയർ സെക്കന്ററി / VHSE പരീക്ഷകൾ മാർച്ച് 5 മുതൽ 27 വരെയും, രണ്ടാം വർഷ പരീക്ഷകൾ മാർച്ച് 6 മുതൽ 28 വരെയും നടക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് ( ഇൻട്രോ )**

ധനകാര്യ മന്ത്രാലയം ആരംഭിച്ച 'നിങ്ങളുടെ പണം, നിങ്ങളുടെ അവകാശം' ബോധവത്കരണ ക്യാമ്പ് രാജ്യമെമ്പാടും നവംബർ 3 ന് സംഘടിപ്പിക്കും. കാമ്പയിനിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിവിധ ബാങ്കുകളിൽ അവകാശികളില്ലാതെ ശേഷിക്കുന്ന 126.54 കോടി രൂപയുടെ നിക്ഷേപം തിരികെ നൽകാനുള്ള പ്രവർത്തങ്ങൾ നടക്കും.

***പാലക്കാട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്..... ( വോയിസ്...)***

❋❋❋❋❋❋❋❋❋❋❋❋❋

**അമീബിക്**

കേരളത്തിൽ വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരണം. തിരുവനന്തപുരത്ത് ചിറയിൻകീഴ് അഴൂർ സ്വദേശിയായ 77 വയസുകാരിയാണ് മരിച്ചത്. ഒരു മാസമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. 10 ദിവസം മുമ്പാണ് രക്ത പരിശോധനയിൽ അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചത്.

RIJU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**കണ്ണൂർ ( ഇൻട്രോ )**

കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ, ജവഹർ സ്റ്റേഡിയത്തിന് സമീപം നിർമ്മിച്ച മൾട്ടിലെവൽ കാർ പാർക്കിംഗ് കേന്ദ്രം നവംബർ ഒന്ന് മുതൽ തുറക്ക് കൊടുക്കും. ***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.... ( വോയിസ്....)***

❋❋❋❋❋❋❋❋❋❋❋❋❋

## വനിതാ ലോകകപ്പ്

ഐസിസി വനിതാ ലോകകപ്പ് സെമിയിൽ ഇന്ന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും. വൈകിട്ട് 3 മണിക്ക് മുംബൈയിലാണ് മത്സരം. ഇന്നത്തെ സെമി ജേതാക്കൾ നവംബർ രണ്ടിന് നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.

## ട്വന്റി 20 ക്രിക്കറ്റ്

ഇന്ത്യ ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് മെൽബണിലാണ് മത്സരം.

RNU TVPM